മത്സ്യത്തൊഴിലാളികൾക്ക് മണ്ണെണ്ണ ലഭിക്കുന്നില്ലായെന്ന പരാതി

80 [3945] *ശ്രീ. എ. എ. അസീസ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെട്രോമാക്സ് കത്തിച്ച് മത്സ്യബന്ധനം നടത്തുന്ന മത്സ്യത്തൊഴിലാളികൾക്ക് ആവശ്യത്തിന് മണ്ണെണ്ണ ലഭിക്കുന്നില്ലായെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ മത്സ്യത്തൊഴിലാളികൾക്ക് ആവശ്യമുള്ള മണ്ണെണ്ണ ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ബാധകമല്ല.

പരപ്പനങ്ങാടി, താനൂർ ഫിഷറീസ് ഹാർബറുകളുടെ പ്രവൃത്തി പുരോഗതി

81 [3951] *ശ്രീ. പി. കെ. അബ്ദുറബ്ബ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ പരപ്പനങ്ങാടി, താനൂർ ഫിഷറീസ് ഹാർബറുകളുടെ പ്രവൃത്തി പുരോഗതി എത്രത്തോളമായി; വിശദാംശം വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത ഹാർബറുകളുടെ നിർമ്മാണം എന്നത്തേക്ക് പൂർത്തീകരിക്കുവാൻ കഴിയുമെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) മലപ്പുറം ജില്ലയിലെ പരപ്പനങ്ങാടിയിലും, താനൂരിലും മത്സ്യബന്ധന തുറമുഖത്തിനു വേണ്ടിയുള്ള ഗവേഷണ നിരീക്ഷണ പഠനങ്ങൾ നടന്നുവരുന്നു.

(ബി) അന്വേഷണ നിരീക്ഷണ പഠന റിപ്പോർട്ടുകൾ, മാതൃകാ പഠന റിപ്പോർട്ട് എന്നിവ പൂർത്തിയായശേഷം പ്രോജക്ട് റിപ്പോർട്ട് കിട്ടുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly